Draft #1 of File 35673/AD A3/3/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 24-Sep-2019 05:28 PM - Page 1

# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**സംഗ്രഹം**

ജീവനക്കാര്യം - സർവകലാശാലയിലെ കണ്ടിൻജന്റ് എക്സ്പെൻഡിച്ചറുകൾക്ക് പ്രൊവിഷണൽ അഡ്വാൻസ് അനുവദിക്കുന്നത് സംബന്ധിച്ച് - മാർഗനിർദേശങ്ങൾ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്ന .

**ഭരണ വിഭാഗം എ 3 സെക്ഷൻ**

നമ്പർ. 4535/AD A 3/2019/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 25.09.2019

പരാമർശം:-1) വൈസ് ചാൻസിലറുടെ 19/09/2019 തീയതിയിലെ രജിസ്ട്രാർക്കുള്ള കുറിപ്പ് നം.വി.സി.702/02/117/2019.

2) U.O.No.3455/ADA1/2019/MGU Dated, 23.07.2019.

3) U.O.No.4437/ADA1/2019/എം.ജി.യു തീയതി 20.09.2019.

4) രജിസ്ട്രാർ (i/c) ന്റെ 23.09.2019 തീയതിയിലെ കുറിപ്പ് നം.രജി /01/68/2019.

## ഉത്തരവ്

സർവകലാശാലയിൽ കൺഡിൻജന്റ് എക്സ്പെൻഡിച്ചറുകൾക്ക് പ്രൊവിഷണൽ അഡ്വാൻസ് അനുവദിക്കുമ്പോൾ ബന്ധപ്പെട്ട പ്രവർത്തിക്ക്/പർച്ചേസിന് മുൻകൂർ ഭരണാനുമതി തേടേണ്ടതാണ്. എന്നാൽ ഇതിനു വിരുദ്ധമായി സർവകലാശാല എൻജിനീയറുടെ എസ്റ്റിമേറ്റ് സഹിതം ബന്ധപ്പെട്ട പ്രവർത്തിയുടെ/പർച്ചെസിന്റെ അത്യാവശ്യം പരിഗണിക്കാതെ ധാരാളം പ്രവർത്തികൾക്ക് ഭരണാനുമതിയും തുകയും ഒന്നിച്ച് ആവശ്യപ്പെട്ടുകൊണ്ട് ഫയലുകൾ സമർപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു.

മേൽ വസ്തുതകളും സർവകലാശാലയിലെ നിലവിലെ സാമ്പത്തിക സ്ഥിതിയും പരിഗണിച്ച് ധനദൃഢീകരണ പ്രക്രിയയുടെ ഭാഗമായി ചുവടെ പറയുന്ന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് വൈസ് - ചാൻസിലർ ഉത്തരവായിരിക്കുന്നു.

1) കൺഡിൻജന്റ് എക്സ്പെൻഡിച്ചറുകൾക്ക് പ്രൊവിഷണൽ ആഡ്വാൻസിനുവേണ്ടി അപേക്ഷകൾ സമർപ്പിക്കുമ്പോൾ കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 90 -ൽ നിഷ്കർഷിക്കും പ്രകാരം ദൈനംദിന ഓഫീസ് പ്രവർത്തനങ്ങൾക്ക്/അനിവാര്യമായ മറ്റ് അത്യാവശ്യ കാര്യങ്ങൾക്ക്/പർച്ചേസിന് മാത്രമേ പ്രൊവിഷണൽ അഡ്വാൻസ് അനുവദിക്കുകയുള്ളൂ. ഇതു പ്രകാരം ലഭിക്കുന്ന അപേക്ഷകൾ രജിസ്ട്രാർ മുഖേന വൈസ്-ചാൻസലർക്ക് മുൻകൂർ ഭരണാനുമതിക്കായി സമർപ്പിക്കേണ്ടതാണ്.

2) ഭരണാനുമതി തേടിയ ശേഷം ബന്ധപ്പെട്ട പർച്ചേസ് എസ്റ്റിമേറ്റ്/ സർവ്വകലാശാല എഞ്ചിനീയറിൽ നിന്നും ലഭ്യമാക്കിയ പ്രവർത്തിയുടെ എസ്റ്റിമേറ്റ്, ധനവിഭാഗത്തിന്റെ അനുമതിയോടെ തുക അനുവദിക്കുന്നതിനായി സൂചന (2) ഉത്തരവിൽ അധികാരപെടുത്തിയതിൻ പ്രകാരം, ₹50,000/- രൂപ വരെ രജിസ്ട്രാർക്കും, ₹50,000/-രൂപയ്ക്ക് മുകളിൽ ₹1,50,000/-രൂപ വരെ പ്രൊ-വൈസ് ചാൻസലർക്കും ₹1,50,000/- രൂപയ്ക്ക് മുകളിൽ വൈസ്-ചാൻസലർക്കും ഫയൽ സമർപ്പിക്കേണ്ടതാണ്.

3) ഖണ്ഡിക (1) - ൽ നിഷ്കർഷിക്കും പ്രകാരമല്ലാതെ, നിർമ്മാണ പ്രവർത്തനങ്ങൾക്കും അറ്റകുറ്റപണികൾക്കും സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പ്രകാരം കൊട്ടേഷൻ / ടെൻഡർ / ഇ - ടെൻഡർ ക്ഷണിച്ച് നടത്തേണ്ട പ്രവർത്തികൾക്കും / പർച്ചേസുകൾക്കും പ്രൊവിഷണൽ അഡ്വാൻസ് അനുവദിക്കുന്നത് ചട്ടവിരുദ്ധമായതിനാൽ അത്തരം പ്രവർത്തികൾക്ക് / പർച്ചേസുകൾക്ക് പ്രൊവിഷണൽ അഡ്വാൻസ് തുടർന്ന് അനുവദിക്കുന്നതല്ല.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതേ വിഷയത്തിൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച സർവ്വകലാശാല ഉത്തരവ് പരാമർശം (4)പ്രകാരം റദ്ദ് ചെയ്തിരിക്കുന്നു.

പ്രേംകുമാർ ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.സർവകലാശാലയിലെ എല്ലാ സെക്ഷനുകൾ
2. വകുപ്പ് മേധാവികൾ,സർവകലാശാലയിലെ എല്ലാ പഠന വിഭാഗങ്ങൾ
3. ഹോണററി.ഡയറക്ടർ, എല്ലാ ഇന്റർ യൂണിവേഴ്സിറ്റി ഇന്റർ സ്കൂൾ സെന്ററുകൾ.

4. വി. സി./ പി.വി.സി.എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

5. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, സി.ഇ എന്നിവരുടെ പേഴ്സണൽ അസ്സിസ്റ്റന്റുമാർ

6. സർവകലാശാല എൻജിനിയർ.

7. ജോയിന്റ് ഡയറക്ടർ, കെ.സ്.എ.ഡി ,എം.ജി.യു.

8.. എ.ആർ./ ഡി .ആർ /ജെ.ആർ (ഭരണം/ അക്കാദമിക്/ പരീക്ഷ/ ഫിനാൻസ്)

9. ഫിനാൻസ് I/IV/ഓഡിറ്റ് I/v/ ഐ.ക്യു .എ .സി /സി.എം.സ്

10. റെക്കോർഡ്സ് സെക്ഷൻ /സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #1 of File 35673/AD A3/3/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 24-Sep-2019 05:28 PM - Page 2